"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിലെ ബാലൻസ് പ്രവൃത്തികൾക്ക് M/s PKMCO construction Pvt. Ltd. Bedaraduka P.o, Kasargod Consortium with M/s Expanse India Building construction Pvt. Ltd. രേഖപ്പെടുത്തിയ തുകയുടെ ദർഘാസ് അംഗീകരിക്കുന്നതിനുള്ള വകുപ്പ് തല ദർഘാസ് കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധനതുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.299/2025/F&P
തീയതി,തിരുവനന്തപുരം,
08-05-2025

---

പരാമർശം:-

1. കേന്ദ്ര സർക്കാരിന്റെ **20.11.2012** **33013-3/2012-Fy(H)** തിയതിയിലെ നമ്പർ കത്ത്.
2. **04.05.2019** ലെ സ.ഉ (അച്ചടി) **54/2019**/ധന നമ്പർ ഉത്തരവ്
3. **29.03.2023** തിയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.**277/2023**/മതുവ
4. ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ **25.11.2023** തിയതിയിലെ **HECE/144/23/DR4** നമ്പർ കത്ത്.
5. **18.03.2024** തിയതിയിലെ ബി**2/113/2022**/മതുവ സർക്കാർ കത്ത്.
6. ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ **26.09.2024, 12.02.2025, 25.04.2025** തിയതികളിലെ **HECE/777/2024/D3**നമ്പർ കത്തുകൾ
7. **05.04.2025** തിയതിയിലെ **H4-33328/2024-WP©** **and connected cases,** അഡ്വക്കേറ്റ് ജനറലിന്റെ കത്ത്.

**ഉത്തരവ്**

അർത്തുങ്കൽ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 75% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർ ശം (1) പ്രകാരം 4939 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പുലിമുട്ടുകളുടെ നിർമ്മാണം ആരംഭിച്ചിരുന്നു. എന്നാൽ പുലിമുട്ടുകളുടെ നിർമ്മാണ സമയത്ത് sinkage വന്നതിനാൽ

പുലിമുട്ടുകൾക്ക് ആവശ്യമായ കല്ലുകളുടെ അളവിൽ വർദ്ധനവ് ഉണ്ടാകുകയും ആയതു പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചെങ്കിലും അനുമതി ലഭിക്കുകയുണ്ടായില്ല. ആയതിനാൽ ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി തെക്കുവശത്തെ പുലിമുട്ട് 510 മീറ്ററും, വടക്കുവശത്തെ പുലിമുട്ട് 2 6 0 മീറ്ററും നടപ്പിലാക്കി പ്രവൃത്തി ക്ലോസ് ചെയ്യുകയുണ്ടായി.

തുടർന്ന് sinkage സംബന്ധിച്ച പഠനങ്ങൾ ഐ.ഐ.റ്റി. മദ്രാസ് മുഖാന്തിരം നടത്തുകയും മത്സ്യബന്ധന തുറമുഖത്തിന്റെ ബാലൻസ് പ്രവൃത്തികൾക്കായി (പുലിമുട്ടുകളും മറ്റ് ഭൗതിക സൗകര്യങ്ങളും) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ 15073 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രൂപരേഖ കേന്ദ്ര സ്ഥാപനമായ CICEF പരിശോധിച്ച് സമർപ്പിച്ചതു പ്രകാരമാണ് FID F പദ്ധതിയിൽ ഉൾപ്പെടുത്തി ടി പദ്ധതിയിക്ക് അംഗീകാരം ലഭിച്ചത്. അതനുസരിച്ച് പരാമർശം (3) പ്രകാരം 1 5 0 കോടി രൂപയുടെ ടേം ലോൺ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി പദ്ധതിയിൽ തെക്കേപുലിമുട്ട് നീളം കൂട്ടൽ, വടക്കേ നീളംകൂട്ടൽ, വാർഫ്, ആക്ഷൻ ഹാൾ, ലോഡിംഗ് ഏരിയ, ലോക്കർ മുറികൾ, ടോയിലെറ്റ് ബ്ലോക്ക്, ജലവിതരണ സംവിധാനം, ഡ്രെയിനേജ് സംവിധാനം, ഐസ് പ്ലാന്റ് ഡ്രെഡ്ജിംഗ് & റിക്ലമേഷൻ, വൈദ്യുതീകരണ പ്രവൃത്തികൾ, പ്രഷർ വാഷർ ആന്റ് ക്ലീനിംഗ് എക്യുപ്മെൻ്റ് എന്നീ പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിലെ ചില ഘടകങ്ങൾ ഇതിനകം ഏർപ്പാടാക്കി കഴിഞ്ഞിട്ടുണ്ട്.

ഇതിൽ ഉൾപ്പെട്ട പ്രധാന ഘടകമായ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുക എന്ന പ്രവൃത്തിയ്ക്കായി ക്ഷണിച്ച ടെണ്ടറാണ് ഇപ്പോൾ അംഗീകാരത്തിനായി ചീഫ് എഞ്ചിനീയർ പരാമർശം (6) പ്രകാരം സമർപ്പിച്ചിട്ടുള്ളത്.

പുലിമുട്ടുകളുടെ നിർമ്മാണത്തിനായി M/s PKMCO Constructions Pvt. Lvt, Bedaraduka P.O, Kasargod Consortium With M/s Expanse India Building Construction Pvt Ltd. രേഖപ്പെടുത്തിയ 9.79% അധികം (9.79 അധികം നിരക്കിൽ വരുന്ന തുകയായ 104,17,14,456.16/-(നൂറ്റിനാല് കോടി പതിനേഴ് ലക്ഷത്തി പതിനാലായിരത്തി നാനൂറ്റി അൻപത്തി ആറ് രൂപ മാത്രം) രൂപയുടെ ദർഘാസ് അംഗീകരിക്കുന്നതിനുള്ള വകുപ്പ് തല ദർഘാസ് കമ്മറ്റിയുടെ ശിപാർശയ്ക്ക് കൺകറൻസ് നൽകണമെന്ന് ചീഫ് എഞ്ചിനീയർ പരാമർ ശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. യോഗ്യത നിർണ്ണയ കമ്മിറ്റിയിൽ യോഗ്യത ലഭിക്കാത്ത ഒരു ദർഘാസുകാരനായ M/s, Forsha Builders ടി ടെണ്ടറിന്റെ യോഗ്യതാ നിർണ്ണയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഹർജികൾ ഹൈക്കോടതിയിൽ നിലനിൽപ്പുണ്ട്.

കൂടാതെ M/s PKMCO Constructions Pvt. Lvt, Bedaraduka P.O, Kasargod Consortium With M/s Expanse India Building Construction Pvt Ltd. രേഖപ്പെടുത്തിയ തുകയുടെ ദർഘാസ് അംഗീകരിക്കുന്നതിനുള്ള വകുപ്പ് തല

ദർഘാസ് കമ്മറ്റിയുടെ ശിപാർശ ചീഫ് എഞ്ചിനീയർ പരാമർശം(6) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

ടി പ്രവൃത്തിയുടെ പുനർദർഘാസ് ക്ഷണിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് പരാമർശം (5) പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി.ഇതിന്റെ അടിസ്ഥാനത്തിൽ ക്ഷണിച്ച രണ്ടാമത്തെ മുൻ യോഗ്യതാ നിർണ്ണയ ദർഘാസിൽ, 4 കരാറുകാർ യോഗ്യത നേടുകയും ഫിനാഷ്യൽ ബിഡ് പരിശോധിച്ചതു പ്രകാരം കുറഞ്ഞ നിരക്കായ 103,31,74,743/-(എസ്റ്റിമേറ്റ് തുകയേക്കാൾ 8.89% അധിക തുക) രേഖപ്പെടുത്തിയത് M/s PKMCO Construction PVT LTD ആണ്. ദർഘാസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് നിരക്ക് | എൽ.എം.ആർ. നിരക്ക് | ഡി. എസ്.ആർ +10% | ക്വാട്ട് ചെയ്ത തുക |
|---|---|---|---|
| 948824097 | 969256531(എസ്റ്റിമേറ്റ് നിരക്കിനും 2.15 % അധികം) | 1043706506 | 1033174743 (എസ്റ്റിമേറ്റ് നിരക്കിനും 8.89% അധികം) |

പരാമർശം (2) പ്രകാരം (1) ദർഘാസുകാരൻ രേഖപ്പെടുത്തിയ നിരക്ക്, (2) ലോക്കൽ മാർക്കറ്റ് നിരക്ക്, (3) ഡി.എസ്.ആർ എസ്റ്റിമേറ്റ് നിരക്ക് +10% ഇവയിൽ ഏറ്റവും കുറഞ്ഞ നിരക്കാണ് വകുപ്പുതല കമ്മറ്റിക്ക് അംഗീകരിക്കാൻ കഴിയുന്നത്. ടി സാഹചര്യത്തിലാണ് പുലിമുട്ടുകളുടെ നിർമ്മാണത്തിന് ക്ഷണിച്ച ദർഘാസ് അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചതെന്ന വിവരം ചീഫ് എഞ്ചിനീയർ പരാമർശം (6) പ്രകാരം അറിയിച്ചിരിക്കുന്നു.

വ്യവസ്ഥകളുടെയും അളവുകളുടെയും, നിരക്കിന്റെയും കൃത്യത ഉറപ്പാക്കികൊണ്ടും എസ്റ്റിമേറ്റിൽ മാറ്റങ്ങളുണ്ടായാൽ കരാറുകാരന് അനാവശ്യമായ ആനുകൂല്യങ്ങൾ ലഭ്യമാകും എന്നതിനാൽ വർക്കിന്റെ ഒരു ഘട്ടത്തിലും എസ്റ്റിമേറ്റിൽ മാറ്റങ്ങൾ ഉണ്ടാകില്ലയെന്ന് ഉറപ്പുവരുത്തികൊണ്ടും റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് പരാമർശം (5) പ്രകാരം നിർദേശം നൽകിയിരുന്നു. അപ്രകാരം ഇനങ്ങളുടെ വ്യവസ്ഥകൾ, അളവുകൾ, നിരക്കുകൾ എന്നിവ പരിശോധിച്ചതിന് ശേഷം price Software- ൽ ജോലിക്കുള്ള സാങ്കേതികനുമതി നൽകിയിട്ടുള്ള വിവരം ചീഫ് എഞ്ചിനീയർ പരാമർ ശം (6) പ്രകാരം അറിയിക്കുകയുണ്ടായി.

ലേലക്കാരെ അയോഗ്യരാക്കുന്നത് സംബന്ധിച്ച പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ സത്യസ്ഥിതിയെ ഹനിക്കുന്ന ഒന്നും തന്നെയില്ലെന്നും ദർഘാസ് അന്തിമമാക്കുന്നതിന് നിയമപരമായി തടസ്സമൊന്നുമില്ലെന്നും അഡ്വക്കേറ്റ് ജനറൽ പരാമർശം(7)പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിലെ ബാലൻസ് പ്രവൃത്തികൾക്ക് M/s PKMCO construction pvt. Ltd. Bedaraduka P.o, Kasargod Consortium with M/s Expanse India Building construction pvt. Ltd. രേഖപ്പെടുത്തിയ തുകയായ 103,31,74,743/- (നൂറ്റിമൂന്ന് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി എഴുപത്തിനാലായിരത്തി എഴുന്നൂറ്റി നാൽപ്പത്തി മൂന്ന്) രൂപയുടെ ദർഘാസ് അംഗീകരിക്കുന്നതിനുള്ള വകുപ്പ് തല ദർഘാസ് കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അബ്ദുൾ നാസർ ബി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ,ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം,തിരുവനന്തപുരം
പൊതുഭരണ വകുപ്പ് (എസ്. സി ) വകുപ്പ് 07.05.2025- ലെ ഇനം നമ്പർ 2930 (പ്രകാരം)
ധനകാര്യ വകുപ്പ് (01.02.2025തീയതിയിലെ 1264610/NC-A1/48/2019/Finനമ്പർ പ്രകാരം)
നിയമ വകുപ്പ് 20.02.2025 തീയതിയിലെ (STIII2/45/25-Lawനമ്പർ പ്രകാരം)
ഡയറക്ടർ വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Anitha R S
Date: 09-06-2025 10:59:32

പകർപ്പ് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-05-2025

ഫയൽ നം. ബി2/113/2022/മതുവ. ഇനം നം: 2930

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിലെ ബാലൻസ് പ്രവൃത്തികൾക്ക് ദർഘാസ് അംഗീകരിക്കുന്നതിനുള്ള വകുപ്പ് തല ദർഘാസ് കമ്മിറ്റിയുടെ ശിപാർശ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, തുറമുഖ വകുപ്പ്.

2930

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ബി2/113/2022/മതുവ |
| 2 | വകുപ്പ് | മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് |
| 3 | വിഷയം | അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിലെ ബാലൻസ് പ്രവൃത്തികൾക്ക് ദർഘാസ് അംഗീകരിക്കുന്നതിനുള്ള വകുപ്പ്തല ദർഘാസ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16.04.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്(നിയമവകുപ്പ്)<br>നിയമവകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശ്രീകല റ്റി.പി |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീ. അബ്ദുൾ നാസർ ബി ഐ. എ. എസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 28.04.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.04.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. സജി ചെറിയാൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 29.04.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29.04.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിലെ ബാലൻസ് പ്രവർത്തികൾക്കായി (NABARD -FIDF) യിൽ ഉൾപ്പെട്ട പ്രധാന ഘടകമായ പുലിമുട്ടുകളുടെ നീളം വർധിപ്പിക്കുക എന്ന പ്രവർത്തിക്കായി ക്ഷണിച്ച ടെണ്ടറിൽ വകുപ്പുതല ദർഘാസ് കമ്മിറ്റി ശുപാർശ ചെയ്ത ഏറ്റവും കുറഞ്ഞ നിരക്കായ 103,31,74,743 (നൂറ്റി മൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി എഴുപത്തിനാലായിരത്തി എഴുനൂറ്റി നാല്പത്തിമൂന്ന് രൂപ) രേഖപ്പെടുത്തിയ M/s PKMCO construction pvt. Ltd. Bedaraduka P.o, Kasargod Consortium with M/s Expanse india Building construction pvt. Ltd. ടെണ്ടർ അംഗീകരിക്കുന്നതമായി ബന്ധപ്പെട്ട് മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ് ഈ കുറിപ്പ്.

2. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 75% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 20/11/2012 ലെ 33013-3/2012-Fy പ്രകാരം 4939 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പുലിമുട്ടുകളുടെ നിർമ്മാണം ആരംഭിച്ചിരുന്നു. എന്നാൽ പുലിമുട്ടുകളുടെ നിർമ്മാണ സമയത്ത് sinkage വന്നതിനാൽ പുലിമുട്ടുകൾക്ക് ആവശ്യമായ കല്ലുകളുടെ അളവിൽ വർദ്ധനവ് ഉണ്ടാകുകയും ആയതു പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചെങ്കിലും അനുമതി ലഭിക്കുകയുണ്ടായില്ല. ആയതിനാൽ ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി തെക്കുവശത്തെ പുലിമുട്ട് 510 മീറ്ററും, വടക്കുവശത്തെ പുലിമുട്ട് 260 മീറ്ററും നടപ്പിലാക്കി പ്രവൃത്തി ക്ലോസ് ചെയ്യുകയുണ്ടായി.

3. തുടർന്ന് sinkage സംബന്ധിച്ച പഠനങ്ങൾ ഐ.ഐ.റ്റി. മദ്രാസ് മുഖാന്തിരം നടത്തുകയും മത്സ്യബന്ധന തുറമുഖത്തിന്റെ ബാലൻസ് പ്രവൃത്തികൾക്കായി (പുലിമുട്ടുകളും മറ്റ് ഭൗതിക സൗകര്യങ്ങളും) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

തയ്യാറാക്കിയ 15073 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രൂപരേഖ കേന്ദ്ര സ്ഥാപനമായ CICEF പരിശോധിച്ച് സമർപ്പിച്ചതു പ്രകാരമാണ് FIDF പദ്ധതിയിൽ ഉൾപ്പെടുത്തി ടി പദ്ധതിയിക്ക് അംഗീകാരം ലഭിച്ചത്. അതനുസരിച്ച് 29.03.2023 തിയ്യതിയിലെ സ.ഉ(സാധാ) നം.277/2023/മതുവ പ്രകാരം 150 കോടി രൂപയുടെ ടേം ലോൺ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി പദ്ധതിയിൽ തെക്കേപുലിമുട്ട് നീളം കൂട്ടൽ, വടക്കേ നീളംകൂട്ടൽ, വാർഫ്, ആക്ഷൻ ഹാൾ, ലോഡിംഗ് ഏരിയ, ലോക്കർ മുറികൾ, ടോയിലെറ്റ് ബ്ലോക്ക്, ജലവിതരണ സംവിധാനം, ഡ്രൈയിനേജ് സംവിധാനം, ഐസ് പ്ലാന്റ് ഡ്രെഡ്ജിംഗ് & റിക്ലമേഷൻ, വൈദ്യുതീകരണ പ്രവൃത്തികൾ, പ്രഷർ വാഷർ ആന്റ് ക്ലീനിംഗ് എക്യുപ്മെൻറ് എന്നീ പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിലെ ചില ഘടകങ്ങൾ ഇതിനകം ഏർപ്പാടാക്കി കഴിഞ്ഞിട്ടുണ്ട്.

4. ഇതിൽ ഉൾപ്പെട്ട പ്രധാന ഘടകമായ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുക എന്ന പ്രവൃത്തിയ്ക്കായി ക്ഷണിച്ച ടെണ്ടറാണ് ഇപ്പോൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. അതു സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ സൂചിപ്പിക്കും പ്രകാരമാണ്.

5. പുലിമുട്ടുകളുടെ നിർമ്മാണത്തിനായി M/s PKMCO Constructions Pvt. Lvt, Bedaraduka P.O, Kasargod Consortium With M/s Expanse India Building Construction Pvt Ltd രേഖപ്പെടുത്തിയ 9.79% അധികം (9.79 അധികം നിരക്കിൽ വരുന്ന തുകയായ 104,17,14,456.16/-(നൂറ്റിനാല് കോടി പതിനേഴ് ലക്ഷത്തി പതിനാലായിരത്തി നാനൂറ്റി അൻപത്തി ആറ് രൂപ മാത്രം) രൂപയുടെ ദർഘാസ് അംഗീകരിക്കുന്നതിനുള്ള വകുപ്പ് തല ദർഘാസ് കമ്മറ്റിയുടെ ശിപാർശയ്ക്ക് കൺകറൻസ് നൽകണമെന്ന് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി. യോഗ്യത നിർണ്ണയ കമ്മിറ്റിയിൽ യോഗ്യത ലഭിക്കാത്ത ഒരു ദർഘാസുകാരനായ M/s, Forsha Builders ടി ടെണ്ടറിന്റെ യോഗ്യതാ നിർണ്ണയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഹർജികൾ ഹൈക്കോടതിയിൽ

നിലനിൽപ്പുണ്ട്. ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ മേൽ സൂചിപ്പിച്ച ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി നൽകിയപ്പോൾ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

6. "The Chief Engineer, Harbour Engineering department has reported that the LMR rate as per PRICE is mentioned as 2.4% above PAC and the quoted rate of L1 bidder is @9.79% above E/R. As per the G.O.(P) No. 16/2017/Fin. Dated 06/02/2017, the Maximum admissible tender excess shall be limited either to the quoted rate of the lowest bidder or local market rates or current DSR plus 10% tolerance limit whichever is less. As the CE, HED has reported two LMR amounts, its genuineness of the same needs to be confirmed. Hence, the Administrative Department is informed to re tender the work as the L1 offer is not acceptable as per GO's in force and also considering the litigation on the eligibility. Also it is requested to provide clarity on whether there were any proceedings subsequent to the interim order mentioned and reconsider/re examine the case, if need be"

7. ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ പുനർദർഘാസ് ക്ഷണിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

8. ഇതിന്റെ അടിസ്ഥാനത്തിൽ ക്ഷണിച്ച രണ്ടാമത്തെ മുൻ യോഗ്യതാ നിർണ്ണയ ദർഘാസിൽ, 4 കരാറുകാർ യോഗ്യത നേടുകയും ഫിനാഷ്യൽ ബിഡ് പരിശോധിച്ചതു പ്രകാരം കുറഞ്ഞ നിരക്കായ 103,31,74,743/-(എസ്റ്റിമേറ്റ് തുകയേക്കാൾ 8.89% അധിക തുക) രേഖപ്പെടുത്തിയത് M/s PKMCO Construction PVT LTD ആണ്. ദർഘാസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് നിരക്ക് | എൽ.എം.ആർ. നിരക്ക് | ഡി. എസ്.ആർ +10% | ക്വാട്ട് ചെയ്ത തുക |
|---|---|---|---|
| 948824097 | 969256531(എസ്റ്റിമേറ്റ് നിരക്കിനും 2.15 % അധികം) | 1043706506 | 1033174743 (എസ്റ്റിമേറ്റ് നിരക്കിനും 8.89% അധികം) |

ധനകാര്യ വകുപ്പിന്റെ 04/05/2019 ലെ ജി.ഒ(പി) നം.54/2019 ലെ ഉത്തരവ് പ്രകാരം (1) ദർഘാസുകാരൻ രേഖപ്പെടുത്തിയ നിരക്ക്, (2) ലോക്കൽ മാർക്കറ്റ് നിരക്ക്, (3) ഡി.എസ്.ആർ എസ്റ്റിമേറ്റ് നിരക്ക് +10% ഇവയിൽ ഏറ്റവും കുറഞ്ഞ നിരക്കാണ് വകുപ്പുതല കമ്മറ്റിക്ക് അംഗീകരിക്കാൻ കഴിയുന്നത്. ടി സാഹചര്യത്തിലാണ് പുലിമുട്ടുകളുടെ നിർമ്മാണത്തിന് ക്ഷണിച്ച ദർഘാസ് അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചതെന്ന വിവരം ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു.

9. അപ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ച ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായം ലഭ്യമാക്കുവാൻ ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയക്കുകയുണ്ടായി. പ്രസ്തുത വകുപ്പ് താഴെ സൂചിപ്പിച്ച പ്രകാരം അഭിപ്രായപ്പെട്ടു.

“Administrative dept is informed that, in case, no better response is expected even on recall of tenders, the case of acceptance of bid of M/s PKMCO Constructions Pvt.Ltd, Bedaradukka PO, Kasargod consortium with M/s. Expanse India Building Construction Pvt. Ltd amounting to Rs 103,31,74,743 which is 8.89% above EPAC, may be submitted to Council of Ministers for approval, with valid justification, subject to compliance of the below mentioned points.

i. CE HED shall ensure that the genuineness of provisions, quantities and rates.

ii. AD shall ensure that there will not be any changes in the estimate, which may result in extending an undue benefit to the contractor at any stage of execution.

iii. The sanctity of decision by PQ committee regarding disqualification of bidders needs to be confirmed with AG/Law department.

This has the approval of Hon'ble Minister (Finance)"

10. ധനകാര്യ വകുപ്പിന്റെ മേൽ സൂചിപ്പിച്ച അഭിപ്രായ പ്രകാരം വ്യവസ്ഥകളുടെയും അളവുകളുടെയും, നിരക്കിന്റെയും കൃത്യത ഉറപ്പാക്കികൊണ്ടും എസ്റ്റിമേറ്റിൽ മാറ്റങ്ങളുണ്ടായാൽ കരാറുകാരന് അനാവശ്യമായ ആനുകൂല്യങ്ങൾ ലഭ്യമാകും എന്നതിനാൽ വർക്കിന്റെ ഒരു ഘട്ടത്തിലും എസ്റ്റിമേറ്റിൽ മാറ്റങ്ങൾ ഉണ്ടാകില്ലയെന്ന് ഉറപ്പുവരുത്തികൊണ്ടും റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിരുന്നു. അപ്രകാരം ഇനങ്ങളുടെ വ്യവസ്ഥകൾ, അളവുകൾ, നിരക്കുകൾ എന്നിവ പരിശോധിച്ചതിന് ശേഷം price Software- ൽ ജോലിക്കുള്ള സാങ്കേതികാനുമതി നൽകിയിട്ടുള്ള വിവരം ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

11. ഈ വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പ് മുകളിൽ സൂചിപ്പിച്ചിരുന്ന ക്രമ നം. iii ലെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ നിയമവകുപ്പിലേയ്ക്ക് അയക്കുകയുണ്ടായി. നിയമവകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" M/s. Forsha Builders and Developers (P) Ltd. ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 36470/2023 ൽ 03/11/2023-നു പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പുനർ ദർഘാസ് ക്ഷണിച്ച സാഹചര്യത്തിൽ 20.12.2024 നു ബഹു ഹൈക്കോടതി recall ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ ബഹു ഹൈക്കോടതി മുമ്പാകെ എം എ ഷമീർ ഫയൽ ചെയ്ത WPC 33328/2024 ൽ,

പുനർ ദർഘാസ് ക്ഷണിച്ചതിൽ യോഗ്യതനേടിയവരെ ഉൾക്കൊള്ളിച്ചുകൊണ്ടു Prequalification Tender Committee Convenor പുറപ്പെടുവിച്ച Order No.HECE/777/2024-D3 നടപടിക്രമം റദ്ദ് ചെയ്യണമെന്നതും ഒരാവശ്യമായി ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയും ആയതിൽ നാളിതുവരെ ഇടക്കാലഉത്തരവുകളൊന്നും തന്നെ ഇല്ലാത്തതായും ഹൈക്കോടതിയുടെ വെബ്സൈറ്റ് പരിശോധിച്ചതിൽ നിന്ന് മനസിലാക്കാൻ സാധിക്കുന്നു. Prequalification Tender Committee യുടെ നടപടിക്രമം പരിശോധിച്ചതിൽ bidders prequalify e previous work experience, past performance, credit facility from bank എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണെന്നു കാണുന്നു. ആയതു വസ്തുതകളെ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ളതും നിയമപ്രശ്നങ്ങൾ ഒന്നും ഇല്ലാത്തതായതിനാലും WPC 33328/2024 ൽ, പുനർ ദർഘാസ് ക്ഷണിച്ചതിൽ യോഗ്യതനേടിയവരെ ഉൾക്കൊള്ളിച്ചുകൊണ്ടു Prequalification Tender Committee Convenor പുറപ്പെടുവിച്ച Order No.HECE/777/2024-D3 നടപടിക്രമം റദ്ദ് ചെയ്യണമെന്നതും ഒരാവശ്യമായി ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലും (sub judice ), പ്രസ്തുത വിഷയം സംബന്ധിച്ച് ഈ വകുപ്പിന് അഭിപ്രായം നൽകുന്നതിന് സാധിക്കുകയില്ല എന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു"

12. മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്ന പ്രകാരം M/s PKMCO construction pvt. Ltd. Bedaraduka P.o, Kasargod Consortium with M/s Expanse india Building construction pvt. Ltd. രേഖപ്പെടുത്തിയ തുകയായ 103,31,74,743/- രൂപയുടെ വകുപ്പുതല ദർഘാസ് കമ്മറ്റിയുടെ ശുപാർശ അംഗീകരിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കു സമർപ്പിക്കാവുന്നതാണോയെന്ന് ഉത്തരവിനായി ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയുണ്ടായി.

അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി. ലേലക്കാരെ അയോഗ്യരാക്കുന്നത് സംബന്ധിച്ച പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ സത്യസ്ഥിതിയെ ഹനിക്കുന്ന ഒന്നും തന്നെയില്ലെന്നും ദർഘാസ് അന്തിമമാക്കുന്നതിന് നിയമപരമായി തടസ്സമൊന്നുമില്ലെന്നും അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെടുകയുണ്ടായി. തുടർന്ന് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോയെന്നതിൽ ഉത്തരവിനായി ഫയൽ ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു. മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യന്ത്രി ഉത്തരവിടുകയുണ്ടായി.

13. അതിൻപ്രകാരം കരട് കുറിപ്പുകൾ സഹിതം ഫയൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുകയുണ്ടായി Note# 209 പ്രകാരം മന്ത്രിസഭ കുറിപ്പ് പുതുക്കി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് ഫയൽ സമർപ്പിച്ചപ്പോൾ, നിയമവകുപ്പിന്റെ അഭിപ്രായം പരിഗണിച്ചതിന് ശേഷമാണ് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ലഭ്യമാക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായതെന്നും അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ലഭ്യമാക്കിട്ടുള്ളതിനാലും അടിയന്തര പ്രധാന്യമുള്ള വിഷയമായതിനാലും ഇക്കാര്യത്തിൽ വീണ്ടും നിയമവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കേണ്ടതില്ലെന്നും മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് ഉടനെ സമർപ്പിക്കുവാൻ ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി ഉത്തരവിടുകയുണ്ടായി. അപ്രകാരം പുതുക്കിയ കരട് കുറിപ്പുകൾ (ഇംഗ്ലീഷിലും മലയാളത്തിലും) ആണ് മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി ഇപ്പോൾ സമർപ്പിച്ചിട്ടുള്ളത്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിലെ ബാലൻസ് പ്രവർത്തികൾക്ക് M/s PKMCO Constructions Pvt. Ltd, Bedaraduka P.O, Kasargod Consortium With M/s

Expanse India Building Construction Pvt Ltd രേഖപ്പെടുത്തിയ തുകയായ 103,31,74,743/- രൂപയുടെ ദർഘാസ് അംഗീകരിക്കുന്നതിനുള്ള വകുപ്പ് തല ദർഘാസ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിക്കാവുന്നതാണോ?